"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - എം എം എസ് സർക്കാർ ആർട്സ് & സയൻസ് കോളേജിലെ സാനിറ്റേഷൻ വർക്കർ ശ്രീ ജോൺ കട്ടി ഇ-യുടെ മകളുടെ വിവാഹാവശ്യത്തിനായി മാര്യേജ് ലോൺ അനുവദിച്ച് നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.364/2026/HEDN തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1. 01.08.2023 തീയതിയിലെ സ.ഉ.(അ)നം.82/2023/ധന നമ്പർ ഉത്തരവ്.

2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 16.12.2025 തീയതിയിലെ ഡി.സി.ഇ.ടി.വി.എം/10810/2025-ജി3 നമ്പർ കത്ത്.

**ഉത്തരവ്**

മലയിൻകീഴ്, എം എം എസ് സർക്കാർ ആർട്സ് & സയൻസ് കോളേജിലെ സാനിറ്റേഷൻ വർക്കർ ശ്രീ. ജോൺ കട്ടി ഇ-യുടെ മകളുടെ വിവാഹാവശ്യത്തിനായി വിവാഹ വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സഹിതം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയിൻകീഴ്, എം എം എസ് സർക്കാർ ആർട്സ് & സയൻസ് കോളേജിലെ സാനിറ്റേഷൻ വർക്കർ ശ്രീ. ജോൺ കട്ടി ഇ-യുടെ മകളുടെ വിവാഹാവശ്യത്തിനായി പരാമർശം (1) ഉത്തരവ് പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 6% പലിശനിരക്കിൽ 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ മാര്യേജ് ലോൺ അനുവദിച്ച് നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ - 800- മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ii. തുക കൈമാറുന്നതിന് മുൻപായി അപേക്ഷകനിൽ നിന്നും 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

iii. പരമാവധി തിരിച്ചടവ് കാലാവധി ***ഇരുപത്തി അഞ്ച്*** തവണകളായി നിജപ്പെടുത്തേണ്ടതും തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iv. മുതലിനത്തിൽ തിരിച്ചുപിടിക്കുന്ന തുക ' 7610-സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള

മുൻകൂറുകൾ-രസീത് ' എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക '0049-04-118-96 - other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

v. ജീവനക്കാരൻ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

vi. വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകന് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2026 - നോ അതിനുമുൻപോ സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vii. പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകന്റെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചു കൊണ്ടുള്ള അനുമതി 2025-26 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

viii. വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരന്റെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

ix. പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് IV/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹ ധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
4. ധനകാര്യ (ലോൺസ്) വകുപ്പ് (L2/24/2026-FIN (E 3402421) തീയതി 20.02.2026 പ്രകാരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (www.highereducation.kerala.gov.in)
6. കരുതൽ ഫയൽ (F1/2/2026-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari. L
Date: 12-03-2026 15:32:29
സെക്ഷൻ ഓഫീസർ